## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3827 | 23/08/2017-ൽ മറുപടിയ്ക്ക്

# സഹകരണ മേഖലയിലെ തൊഴിൽ വികസന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അടൂർ പ്രകാശ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിവരിക്കുമോ; | (എ) | ഉണ്ട്. പ്രാദേശിക വിഭവ ലഭ്യതയ്ക്കനുസരിച്ച് കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്.<br><br>സംഘങ്ങൾ മുഖേന വിപണന സൗകര്യം ഏർപ്പെടുത്തുന്നതു വഴി പ്രത്യക്ഷമായും പരോക്ഷമായും സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഇതിനായി 14 ജില്ലകളിൽ നിന്നും മികവുറ്റ 100 പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും ഓരോ സംഘങ്ങളിലും 100 വ്യക്തികൾ/കുടുംബങ്ങൾ ഉൾപ്പെടുന്ന 10 വീതമുള്ള ചെറുകിട ഉൽപ്പാദന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ചെയ്യും. പ്രസ്തുത ക്ലസ്റ്ററുകൾ മുഖേന കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ആയതിന് സംഘം മുഖേന വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യും. |
| (ബി) | വർഷത്തിൽ എത്ര തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേരളത്തിൽ സഹകരണ മേഖലയിൽ പ്രതിവർഷം 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികൾ നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | (സി) | 14 ജില്ലകളിൽ നിന്നും മികവുറ്റ 100 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ തെരെഞ്ഞെടുക്കുകയും ഓരോ സംഘങ്ങളിലും 100 വ്യക്തികൾ/കുടുംബങ്ങൾ ഉൾപ്പെടുന്ന 10 വീതമുള്ള ചെറുകിട ഉൽപ്പാദന ക്ലസ്റ്ററുകൾ രൂപീകരിച്ച് ടി സംഘങ്ങൾ സമർപ്പിക്കുന്ന വിശദമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഓരോ സംരംഭങ്ങളുടേയും മൂലധന ചെലവ്, തൊഴിൽ സൃഷ്ടിക്കുവാനുള്ള ശേഷി എന്നിവ പരിശോധിച്ച് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതുമാണ്. ഈ പദ്ധതിയിന്മേൽ സംഘങ്ങൾ സ്ഥാപിക്കുന്ന സംസ്കരണ/വിപണന യൂണിറ്റിനുള്ള മൂലധന ചെലവിന്റെ 50%, പരമാവധി ഒരു കോടി രൂപ സർക്കാർ സാമ്പത്തിക സഹായമായി നൽകുന്നതിനും ഓരോ ക്ലസ്റ്ററിനും ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ